പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5113 27/07/2015 - ൽ മറുപടി നല്കേണ്ടത്

**അസ്ഥി വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കും പരീക്ഷാ സഹായിയും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിവിധ വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് പൊതു പരീക്ഷകളിലും പ്രവേശനപരീക്ഷകളിലും നൽകുന്ന ഇളവുകളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ : | (എ) കേരളപരീക്ഷാഭവൻ നടത്തുന്നതും പൊതു പരീക്ഷ എഴുതുന്നതുമായ 40% മോ അതിലധികമോ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് താഴെ പ്പറയുന്ന പരീക്ഷാനുകൂല്യങ്ങൾ നൽകിവരുന്നു. |

എസ്.എസ്.എൽ.സി-
എസ്.എസ്.എൽ.സി തുല്യതാ പരീക്ഷ

കാഴ്ച വൈകല്യം: ഒരുമണിക്കൂറിന് 10 മിനിറ്റ് അധിക സമയം, സ്ക്രൈബിന്റെ സേവനം, ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കൽ, ആവശ്യമെങ്കിൽ കണക്ക് വിഷയം ഒഴിവാക്കി പകരം വൊക്കേഷണൽ വിഷയം തെരെഞ്ഞെടുക്കുവാനുള്ള അവസരം എന്നിവ നൽകുന്നു.

ശ്രവണവൈകല്യം: ഒരു മണിക്കൂറിന് 10 മിനുറ്റ് അധികസമയം വ്യാഖ്യാതാവിന്റെ സേവനം, 25% ഗ്രേസ് മാർക്ക്, ആവശ്യപ്പെടുന്നുവെങ്കിൽ ഹിന്ദി ഭാഷയും ഇംഗ്ലീഷ് /മലയാളം ഇവയിൽ ഏതെങ്കിലും ഒരു ഭാഷയും ഒഴിവാക്കി പകരം വൊക്കേഷണൽ വിഷയങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ്.

അസ്ഥിസംബന്ധമായ വൈകല്യം: ഒരു മണിക്കൂറിന് 10 മിനിറ്റ് അധികസമയം, ആവശ്യമെങ്കിൽ സ്ക്രൈബിന്റെ സേവനം, ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കൽ എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ: ഒരുമണിക്കൂറിന് 10 മിനിറ്റ് അധികസമയം, 25% ഗ്രേസ് മാർക്ക്, സ്ക്രൈബ് അഥവാ ഇന്റർപ്രെട്ടറുടെ സേവനം, ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കൽ, ആവശ്യമെങ്കിൽ ഹിന്ദി ഭാഷയും ഇംഗ്ലീഷ് /മലയാളം ഇവയിൽ ഏതെങ്കിലും ഒരു ഭാഷയും ഒഴിവാക്കി പകരം വൊക്കേഷണൽ വിഷയങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ്.

പഠന വൈകല്യം: അധികസമയം, ആവശ്യമെങ്കിൽ സ്ക്രൈബ് അഥവാ ഇന്റർപ്രെട്ടറുടെ സേവനം, എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

ഡി.എഡ്.

ഡി.എഡ് പരീക്ഷയിൽ അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്കും കാഴ്ച വൈകല്യമുള്ളവർക്കും അധിക സമയവും ആവശ്യമെങ്കിൽ സ്ക്രൈബിന്റെ സേവനവും അനുവദിച്ചു വരുന്നു. ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നു.

കെ.ജി.ടി.ഇ.ടൈപ്പ് റൈറ്റിംഗ്.

അസ്ഥിസംബന്ധമായവൈകല്യം:

അധികസമയം

ശ്രവണവൈകല്യം: 25% ഗ്രേസ് മാർക്ക്.

എൽ.എസ്.എസ്/യു.എസ്.എസ്.

കാഴ്ച വൈകല്യം : 10 മിനിറ്റ് അധിക സമയം, സ്ക്രൈബിന്റെ സേവനം

അസ്ഥിസംബന്ധമായ വൈകല്യം:

10 മിനിറ്റ് അധികസമയവും ആവശ്യമെങ്കിൽ സ്ക്രൈബിന്റെ സേവനവും

(ബി) കാഴ്ചവൈകല്യമുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്കും പരീക്ഷകളിൽ സഹായിയെയും നൽകുമ്പോൾ അസ്ഥിവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഇപ്രകാരം നൽകാത്തത് എന്തുകൊണ്ടാണെന്നു പറയാമോ ;

(ബി) കാഴ്ച വൈകല്യമുള്ള വിദ്യർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നില്ല. ബുദ്ധിപരമായും ഭാഷാപരമായും പരിമിതികൾ ഉള്ള (HI,MR) വിഭാഗം കുട്ടികൾക്കാണ് ഗ്രേസ് മാർക്ക് നൽകി വരുന്നത്.

| | |
|---|---|
| (സി) അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക്, ക്ലാസ്സിൽ കൃത്യമായി ഹാജരാകുവാൻ കഴിയാതെ വരുന്നതുമൂലം പഠനത്തിൽ പിന്നോക്കം പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിദ്യാർത്ഥികൾക്ക് മാതാപിതാക്കളുടെയും സഹപാഠികളുടെയും സഹായമുണ്ടെങ്കിൽ മാത്രമെ ക്ലാസ്സിൽ എത്താനാവുകയുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ശാരീരിക വിഷമതകൾ മൂലം ക്ലാസ്സുകൾ മുടങ്ങി, പഠന നിലവാരത്തിൽ പിന്നോക്കമാകുന്നത് പരിഹരിക്കുവാനും ഇപ്രകാരമുള്ള വിദ്യാർത്ഥികളെ സഹായിക്കുവാനും പരീക്ഷകളിൽ സഹായിയെ അനുവദിക്കുന്നതിനും ഗ്രേസ് മാർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) യും (ഡി) യും അസ്ഥി സംബന്ധമായ വൈകല്യമുള്ള കുട്ടികളെ സ്കൂളിൽ കൊണ്ടുവരുന്നതിന് 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രതിവർഷം 750/-രൂപ സംസ്ഥാന സർക്കാരും 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 850/- രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്-ൽ ഉൾപ്പെടുത്തി എസ്കോർട്ട് അലവൻസായി നൽകി വരുന്നുണ്ട്. കൂടാതെ ആയയുടെ സേവനവും നല്കി വരുന്നു. പരീക്ഷകളിൽ അധികസമയത്തിനു പുറമേ, എഴുതാൻ ബുദ്ധിമുട്ടുള്ളവർക്ക് സ്ക്രൈബിന്റെ സേവനവും ലഭ്യമാക്കാറുണ്ട്. ബുദ്ധിപരമായ പ്രശ്നങ്ങൾ ഉള്ളവർക്കാണ് ഗ്രേസ് മാർക്ക് അനുവദിച്ചു വരുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ